FCFS
FIRST CLAP FILM SOCIETY

PRESIDENT
SHAJOON KARIYAL

ACTING GENERAL SECRETARY
SAYOOJ MC

TREASURER
RASHMY SHAJOON

# തെരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ 2025-2028

1. മൂന്നുവർഷം കൂടുമ്പോൾ നിലവിലുള്ള ഭരണസമിതിയുടെ കാലാവധി മാർച്ച് 31ന് അവസാനിക്കുന്നതും ജൂൺ 30 നകം വാർഷിക പൊതുയോഗം ചേർന്ന് പുതിയ ഭാരവാഹികളെ തിരഞ്ഞെടുക്കേണ്ടതുമാണ്

2. വാർഷിക പൊതുയോഗത്തിന് കുറഞ്ഞത് 45 ദിവസം മുമ്പായി പുതിയ ഭാരവാഹികളെ തിരഞ്ഞെടുക്കുവാനുള്ള നാമനിർദ്ദേശപത്രികകൾ ക്ഷണിച്ചു കൊണ്ടുള്ള വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതും, ഓഫീസ് നോട്ടീസ് ബോർഡിലും സംഘടനയുടെ വെബ്സൈറ്റിലും പ്രസിദ്ധപ്പെടുത്തിയോ, സാമൂഹിക മാധ്യമങ്ങൾ വഴിയോ അംഗങ്ങളുടെ ശ്രദ്ധയിൽ പെടുത്തേണ്ടതുമാണ്. തിരഞ്ഞെടുപ്പ് നടപടിക്രമങ്ങളുടെ പകർപ്പ് തപാൽ മാർഗ്ഗമോ സാമൂഹ്യ മാധ്യമങ്ങൾ വഴിയോ അംഗങ്ങൾക്ക് അയച്ചു കൊടുക്കേണ്ടതാണ്.

3. പാനൽ സമ്പ്രദായത്തിൽ ആയിരിക്കും തെരഞ്ഞെടുപ്പ് നടക്കുക. ഒരു പാനലിൽ 15 സ്ഥാനാർത്ഥികൾക്കാണ് ഇടം ലഭിക്കുക. നിലവിലെ നിർവ്വാഹകസമിതിയാണ് ഔദ്യോഗിക പാനലിന് രൂപം കൊടുക്കേണ്ടത്. ഔദ്യോഗിക പാനലിനു പുറമേ എതിർപാനൽ തയ്യാറാക്കാൻ വരിസംഖ്യാ കുടിശ്ശിക ഇല്ലാത്ത ഏതൊരംഗത്തിനും അർഹത ഉണ്ടായിരിക്കുന്നതാണ്. ഔദ്യോഗിക പാനൽ "പാനൽ എ" എന്ന പേരിലും എതിർപാനൽ "പാനൽ ബി" എന്ന പേരിലുമായിരിക്കും തെരഞ്ഞെടുപ്പിൽ പങ്കെടുക്കുക.

4. നിർദ്ദിഷ്ട ഫോറത്തിൽ വേണം നാമനിർദ്ദേശ പത്രിക സമർപ്പിക്കുവാൻ. പ്രസ്തുത ഫോറത്തിൽ സ്ഥാനാർത്ഥിയുടെയും നിർദ്ദേശിക്കുന്ന അംഗത്തിന്റെയും പിന്താങ്ങുന്ന അംഗത്തിന്റെയും പേരും മേൽവിലാസവും അംഗത്വനമ്പറും ഒപ്പും കൃത്യമായി ചേർത്തിരിക്കണം

5. നാമനിർദ്ദേശപത്രികകൾ ഫസ്റ്റ് ക്ലാപ്പ് ഫിലിം സൊസൈറ്റിയുടെ ഔദ്യോഗിക വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് എടുക്കാവുന്നതാണ്. ഇതിനാവശ്യമായ വെബ്സൈറ്റ് ലിങ്ക് തെരഞ്ഞെടുപ്പ് വിജ്ഞാപനത്തിൽ ഉൾപ്പെടുത്തുന്നതാണ്.

6. ഒരു അംഗത്തിന് ഒരു സ്ഥാനാർത്ഥിയെ മാത്രമേ നാമനിർദ്ദേശം ചെയ്യാനാകൂ. എന്നാൽ അതേസമയം മറ്റൊരു സ്ഥാനാർത്ഥിയെ പിന്താങ്ങുവാനുള്ള അവകാശം ഉണ്ടായിരിക്കുന്നതാണ്. ഇങ്ങനെ രണ്ടുപേരെ അല്ലാതെ മൂന്നാമതൊരു സ്ഥാനാർത്ഥിയെ

നാമനിർദ്ദേശം ചെയ്യുകയോ പിന്താങ്ങുകയോ ചെയ്താൽ ആ മൂന്ന് പത്രികകളും അസാധുവായി തീരും. സ്ഥാനാർത്ഥികൾക്കും ഈ പരിധി ബാധകമാണ്. സ്വയം നിർദ്ദേശിക്കുകയോ പിന്താങ്ങുകയോ ചെയ്തുകൊണ്ടുള്ള നാമനിർദ്ദേശങ്ങൾ സ്വീകാര്യമല്ല. അംഗത്വ ഫീസിൽ കുടിശ്ശികയുള്ളവർക്ക് സ്ഥാനാർത്ഥിയാകുവാനോ നിർദ്ദേശിക്കുവാനോ പിന്താങ്ങുവാനോ അർഹത ഉണ്ടായിരിക്കുന്നതല്ല. അപ്രകാരമുള്ള പത്രികകളും അസാധുവായി ഗണിക്കും. ആയുഷ്കാല അംഗങ്ങൾക്കും വരിസംഖ്യയിൽ കുടിശ്ശിക ഇല്ലാത്ത സജീവ അംഗങ്ങൾക്കും ചാരിറ്റി അംഗങ്ങൾക്കും ഫാമിലി അംഗങ്ങൾക്കും ഓണററി അംഗങ്ങൾക്കും മാത്രമെ മേൽ അവകാശങ്ങൾ ഉണ്ടായിരിക്കൂ.

7. തെരഞ്ഞെടുപ്പ് വിജ്ഞാപനത്തിൽ കാണിച്ചിരിക്കുന്ന നിർദ്ദിഷ്ട തിയ്യതിക്കകം ഓഫീസിൽ ലഭിക്കുന്ന പത്രികകൾ മാത്രമേ സ്വീകരിക്കൂ. പത്രികകൾ ഓഫീസിൽ ലഭിച്ചു എന്നുറപ്പുവരുത്തുന്നതിനായി ഔദ്യോഗിക മെയിൽ ഐഡിയിൽ നിന്നും അംഗങ്ങൾക്ക് ലഭിക്കുന്ന മറുപടി സന്ദേശത്തിലൂടെ മനസ്സിലാക്കേണ്ടതാണ്.

8. സൂക്ഷ്മ പരിശോധനയിലൂടെ വരണാധികാരി പരിശോധിച്ച് സാധുവായി നിർദ്ദേശിക്കുന്ന നാമനിർദ്ദേശങ്ങളുടെ വിവരം സംഘടനയുടെ ഓഫീസ് നോട്ടീസ് ബോർഡിലും ഔദ്യോഗിക സാമൂഹ്യ മാധ്യമം വഴിയും പരസ്യപ്പെടുത്തുന്നതാണ്.

9. തുടർന്ന് മൂന്നുദിവസത്തിനുള്ളിൽ നാമനിർദ്ദേശപത്രികകൾ സമർപ്പിച്ചവർക്ക് അവ പിൻവലിക്കാനുള്ള സ്വാതന്ത്ര്യം ഉണ്ടായിരിക്കും.

10. പത്രിക പിൻവലിക്കാനുള്ള നിശ്ചിത അവധി കഴിഞ്ഞാൽ അവശേഷിക്കുന്ന സാധുവായ പത്രികകളുടെ വിവരം സംഘടനാ ഓഫീസിലെ നോട്ടീസ് ബോർഡിൽ പരസ്യപ്പെടുത്തുന്നതാണ്.

11. ഓണററി അംഗങ്ങൾക്കും ആയുഷ്കാല അംഗങ്ങൾക്കും വരിസംഖ്യ കുടിശികയില്ലാത്ത സജീവാംഗങ്ങൾക്കും, ചാരിറ്റി അംഗങ്ങൾ, ഫാമിലി അംഗങ്ങൾ എന്നിവർക്കും മാത്രമേ വോട്ട് ചെയ്യാൻ അർഹത ഉണ്ടായിരിക്കൂ.

12. പൊതുയോഗ നടത്തിപ്പിന്റെ ചുമതല പ്രസിഡണ്ടിനും ജനറൽ സെക്രട്ടറിക്കും ആണെങ്കിലും തെരഞ്ഞെടുപ്പിന്റെ ചുമതല വഹിക്കുവാൻ പ്രത്യേകം ഒരു വ്യക്തിയെ വരണാധികാരിയായി നിലവിലുള്ള നിർവ്വാഹക സമിതി നിർദ്ദേശിക്കുന്നതും അദ്ദേഹം മേൽപ്പറഞ്ഞ വ്യവസ്ഥകൾക്ക് വിധേയമായി തെരഞ്ഞെടുപ്പ് നടത്തേണ്ടതുമാണ്.

13. രണ്ട് പാനലുകൾക്കും തുല്യ വോട്ടുകൾ ലഭിക്കുന്ന സാഹചര്യം ഉണ്ടായാൽ നറുക്കെടുപ്പിലൂടെ ആയിരിക്കും പാനലിനെ നിശ്ചയിക്കുക.

14. സ്ഥാനാർത്ഥികൾക്കും വോട്ട് അവകാശം ഉണ്ടായിരിക്കുന്നതാണ്.

15. രണ്ട് പാനലിന്റെയും സ്ഥാനാർത്ഥികളുടെ പേരുകൾ രേഖപ്പെടുത്തിയ ബാലറ്റ് പേപ്പറിൽ വോട്ട് രേഖപ്പെടുത്തേണ്ടതാണ്.

16. തെരഞ്ഞെടുപ്പ് സംബന്ധമായി ഇലക്ഷൻ ഓഫീസറുടെ തീരുമാനം അന്തിമമായിരിക്കും.

17. തെരഞ്ഞെടുപ്പ് കഴിഞ്ഞാൽ ഉടൻ വരണാധികാരി ഫലപ്രഖ്യാപനം നടത്തേണ്ടതാണ്.

FIRST CLAP FILM SOCIETY

18. തെരഞ്ഞെടുക്കപ്പെടുന്ന പാനലിലെ സ്ഥാനാർത്ഥികളുടെ പേര് വിവരങ്ങൾ ഇലക്ഷൻ ഓഫീസറുടെ ഒപ്പോടുകൂടി ഔദ്യോഗിക വിജ്ഞാപനമായി സംഘടനയുടെ വെബ്സൈറ്റിൽ പരസ്യപ്പെടുത്തുന്നതും സാമൂഹ്യ മാധ്യമങ്ങൾ വഴി അംഗങ്ങളെ അറിയിക്കുന്നതുമാണ്.

19. 15 അംഗങ്ങൾ വേണ്ടിടത്ത് ആകെ 8 ൽ താഴെ നാമനിർദ്ദേശങ്ങൾ മാത്രമാണ് എല്ലാ പാനലിലും സാധുവായി ലഭിക്കുന്നതെങ്കിൽ തെരഞ്ഞെടുപ്പ് റദ്ദാക്കുന്നതും പുതുതായി വിജ്ഞാപനം ചെയ്ത് തെരഞ്ഞെടുപ്പ് നടത്തുകയും ചെയ്യുന്നതാണ്. നാമനിർദ്ദേശപത്രികകൾ സാധുവായി പരിഗണിച്ച ശേഷവും നിർദ്ദിഷ്ട തീയതിക്കുള്ളിൽ സ്ഥാനാർത്ഥികൾ പത്രിക പിൻവലിക്കുക വഴി മത്സരാർത്ഥികളുടെ എണ്ണം എല്ലാ പാനലുകളിലും 8 ൽ താഴെയാവുന്ന സാഹചര്യമുണ്ടായാലും മേൽ വ്യവസ്ഥ ബാധകമായിരിക്കും.

20. ഇപ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന 15 അംഗ പാനലിലെ നിർവ്വാഹക സമിതി അവർ തെരഞ്ഞെടുക്കപ്പെട്ടതായി പ്രഖ്യാപിക്കുന്ന ദിവസം തന്നെ ആദ്യ യോഗം ചെരേണ്ടതാണ്.

21. ഭാരവാഹികളിൽ ആരെങ്കിലും പിന്നീട് തൽസ്ഥാനം രാജിവെക്കുന്ന സന്ദർഭം ഉണ്ടാവുന്നുവെങ്കിൽ നിർവ്വാഹസമിതി അംഗങ്ങൾ തങ്ങൾക്കുള്ളിൽ നിന്നും തൽസ്ഥാനത്തേക്ക് ഒരു അംഗത്തിനെ ഭൂരിപക്ഷ തീരുമാനപ്രകാരം തെരഞ്ഞെടുക്കേണ്ടതാണ്. രാജിവച്ച ഭാരവാഹിക്ക് നിർവാഹക സമിതി അംഗമായി തുടരാവുന്നതാണ്. സമിതി അംഗം തുടരണമോ തൽസ്ഥാനം രാജിവെക്കണമോ എന്നത് പ്രസ്തുത അംഗം സ്വയം തീരുമാനിക്കേണ്ടതും രാജിക്കത്തിൽ കൃത്യതയോടെ വ്യക്തമാക്കേണ്ടതുമാണ്.

22. നിർവാഹക സമിതിയിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന ഒഴിവുകളിലേക്ക് മാത്രമേ നാമനിർദ്ദേശം ചെയ്ത് കോപ്റ്റ് ചെയ്യുവാൻ നിർവാഹക സമിതിക്ക് അധികാരം ഉണ്ടായിരിക്കൂ. ഭാരവാഹി സ്ഥാനത്താണ് ഒഴിവ് വരുന്നതെങ്കിൽ തലസ്ഥാനത്തേക്ക് നിലവിലുള്ള നിർവാഹ സമിതി അംഗങ്ങളിൽ നിന്നും ഒരാളെ മാത്രമേ തെരഞ്ഞെടുക്കുവാൻ അനുവാദമുള്ളൂ. അപ്രകാരം ആ നിർവാഹക സമിതി അംഗം ഭാരവാഹി ആവുമ്പോൾ സമിതി അംഗമായി മാത്രമേ പകരമൊരംഗത്തിനെ ഒഴിവിലേക്ക് ഉൾപ്പെടുത്താൻ കഴിയു. പ്രസ്തുത അംഗം സമിതി അംഗത്വം കൂടി രാജിവെക്കുന്നുണ്ടെങ്കിൽ മാത്രമെ നാമനിർദ്ദേശം ചെയ്ത് കോപ്റ്റ് ചെയ്യാനാവൂ.

23. നിർവാഹക സമിതി അംഗമല്ലാത്ത ഒരു അംഗത്തിന്റെ സേവനം ആവശ്യമായി ഭൂരിപക്ഷ അഭിപ്രായപ്രകാരം തോന്നുന്ന പക്ഷം അങ്ങനെയുള്ള അംഗങ്ങളെ പരമാവധി നാലുപേരിൽ കവിയാതെ സമിതിയിലേക്ക് നാമനിർദേശം ചെയ്ത് കൊപ്റ്റ് ചെയ്യാവുന്നതാണ്. ഇവരടക്കം നിർവ്വാഹ സമിതിയിലെ ആകെ അംഗസംഖ്യ 19 ൽ കവിഞ്ഞു കൂടാത്തതാണ്.

24. ഈ നടപടിക്രമങ്ങളിൽ ആവശ്യമെന്നു തോന്നുന്ന ഭേദഗതികൾ ഭരണഘടനാ വിധേയമായി വരുത്തുവാൻ നിർവ്വാഹകസമിതിക്ക് അധികാരം ഉണ്ടായിരിക്കും.

25. ആയുഷ്കാല അംഗങ്ങൾക്കും ഓണററി അംഗങ്ങൾക്കും ചാരിറ്റി അംഗങ്ങൾക്കും ഫാമിലി അംഗങ്ങൾക്കും പുറമേ തെരഞ്ഞെടുപ്പ് ദിവസത്തിന് മൂന്ന് ദിവസം മുമ്പ് അതായത് (ജൂൺ 15നാണ് തെരഞ്ഞെടുപ്പ് എങ്കിൽ ജൂൺ 11ന്) വൈകുന്നേരം അഞ്ചുമണിക്ക് മുമ്പായി വരിസംഖ്യ കുടിശ്ശികയുണ്ടെങ്കിൽ അതും അടച്ച് അംഗത്വം പുതുക്കുന്ന സജീവാംഗങ്ങൾക്കും, അതായത് ആക്ടീവ് അംഗങ്ങൾക്കും മാത്രമേ വോട്ട് ചെയ്യുവാൻ അർഹതയുള്ളൂ.

FIRST CLASS FILM SOCIETY ★ KKD/CA/388/2021 ★

26. മത്സരിക്കുന്ന സ്ഥാനാർത്ഥിയും നാമനിർദേശം ചെയ്യുന്ന അംഗവും പിന്തുണയ്ക്കുന്ന അംഗവും വരിസംഖ്യാ കുടിശ്ശികയുണ്ടെങ്കിൽ അത് അടച്ച് തീർന്നശേഷം മാത്രമേ നാമനിർദ്ദേശപത്രികയിൽ ഒപ്പുവെക്കാൻ പാടുള്ളൂ.

27. ഇലക്ഷൻ ഓഫീസറായി നിയോഗിക്കുന്ന വ്യക്തിക്ക് നിയമാവലിയുടെയും തെരഞ്ഞെടുപ്പ് നടപടി ക്രമങ്ങളുടെയും പകർപ്പ് തെരഞ്ഞെടുപ്പിന് 10 ദിവസം മുമ്പായി നൽകേണ്ടതാണ്.

28. ഇലക്ഷൻ ഓഫീസറോട് ആദരപൂർവ്വം പെരുമാറുവാൻ അംഗങ്ങൾ ബാധ്യസ്ഥരാണ്.

**2025 ഏപ്രിൽ 13ന് ചേർന്ന നിർവാഹക സമിതിയിൽ അവതരിപ്പിച്ച് പാസാക്കിയ തെരഞ്ഞെടുപ്പ് നടപടിക്രമങ്ങളാണിത്.**

**ഷാജൂൺ കാര്യാൽ**
**പ്രസിഡണ്ട്**

**സായൂജ് എം.സി**
**ജനറൽ സെക്രട്ടറി**

FIRST CLAP FILM SOCIETY
KKD/CA/388/2021